# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.09.2026**

### പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഒരു ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ കേരളത്തിലെത്തും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും നാളെ സംസ്ഥാനത്ത്.

2. ജനവാസമേഖലകളെയും കൃഷി സ്ഥലങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിൻ്റെ പരിധിയിൽ നിന്ന് പൂർണമായും ഒഴിവാക്കണമെന്ന നിർദ്ദേശം കേരളം കേന്ദ്രത്തിന് സമർപ്പിച്ചതായി മന്ത്രി സണ്ണി ജോസഫ്.

3. ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി സാങ്കേതിക സമിതി രൂപീകരിച്ച് സംസ്ഥാന സർക്കാർ

4. പതിനെട്ടാമത് കേരള അന്താരാഷ്ട്ര ഡോക്യുമെൻ്ററി, ഹ്രസ്വചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി.

5. സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6. ഏഷ്യൻ ഗെയിംസിൽ ഇന്ന് മിന്നും പ്രകടനം കാഴ്ച വച്ച് ഇന്ത്യ. ഒരു സ്വർണവും, രണ്ട് വെള്ളിയും, മൂന്ന് വെങ്കലവും സ്വന്തമാക്കി ഇന്ത്യൻ താരങ്ങൾ.

*******************

<u>ഉപരാഷ്ട്രപതി</u>

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മറ്റന്നാൾ കേരളത്തിലെത്തും. കൊല്ലം അമൃതപുരിയിൽ നടക്കുന്ന മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. തിരുവനന്തപുരത്ത് എസ്.യു.റ്റി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി സംബന്ധിക്കും.

*******************

<u>അമിത് ഷാ</u>

RNUTVPM

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നാളെ കൊല്ലത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. സഹകരണ മേഖലയിൽ വനിതാ ശാക്തീകരണം ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾക്ക് അദ്ദേഹം കുണ്ടറയിൽ നാളെ ഉച്ച തിരിഞ്ഞ് തുടക്കം കുറിക്കും. തുടർന്ന് അമൃതപുരിയിൽ മാതാ അമൃതാനന്ദമയിയുടെ 73 - ാാം ജന്മദിനാഘോഷങ്ങളിലും അദ്ദേഹം പങ്കെടുക്കും. വൈകിട്ട് നടക്കുന്ന പൊതുപരിപാടി ഉദ്ഘാടനം ചെയ്യുന്ന കേന്ദ്ര മന്ത്രി അമൃതകീർത്തി പുരസ്കാരം മുൻ ഗവർണർ പി. എസ്. ശ്രീധരൻപിള്ളയ്ക്ക് സമ്മാനിക്കും.

*******************

<u>മുഖ്യമന്ത്രി ഇടുക്കി</u>

ഭൂമി കൈയ്യേറ്റം ഒരു കാരണവശാലും അനുവദിക്കില്ലെന്നും കുടിയേറ്റകർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ കൂടെനിൽക്കുമെന്നും മുഖ്യമന്ത്രി വി.ഡി സതീശൻ. ഇടുക്കിയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്നത് സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള

കാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു . ജില്ലയിലെ ഭൂപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കളക്ടറേറ്റിൽ ചേർന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പട്ടയവിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ വേഗത്തിലാക്കുമെന്നും, അയ്യായിരത്തോളം പട്ടയങ്ങൾ ഉടൻ വിതരണം ചെയ്യുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*******************

## സണ്ണി ജോസഫ്

ജനവാസമേഖലകൾ, കൃഷി സ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയെ പൂർണമായും ഒഴിവാക്കി സംസ്ഥാനത്തിന്റെ പരിസ്ഥിതി ലോല പ്രദേശം 8,590.69 ചതുരശ്ര കിലോമീറ്ററാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന നിർദേശം കേരളം കേന്ദ്രത്തിന് സമർപ്പിച്ചു. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ ഭേദഗതികളും നിർദേശങ്ങളും സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് നിർദേശങ്ങൾ കൈമാറിയത്. വരുന്ന നിയമസഭാ സമ്മേളനത്തിൽ ഇത് സംബന്ധിച്ച് ഐക്യകണ്ഠ്യേനയുള്ള പ്രമേയം പാസാക്കുമെന്ന് സംസ്ഥാന പരിസ്ഥിതി മന്ത്രി സണ്ണി ജോസഫ് അറിയിച്ചു. ആവശ്യമെങ്കിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം ഡൽഹിയിലെത്തി കേന്ദ്ര മന്ത്രിമാരെ കാണുമെന്നും മന്ത്രി വ്യക്തമാക്കി.

*******************

## ശബരിമല-രമേശ് ചെന്നിത്തല(ഇൻട്രോ)

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് തീർഥാടകരുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കാൻ വിപുലമായ പോലീസ് സംവിധാനം ഒരുക്കുമെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. പോലീസ് മുന്നൊരുക്കങ്ങൾ

RNU TVPM

വിലയിരുത്താൻ സെക്രട്ടേറിയറ്റിൽ ഇന്ന് ഉന്നതതല യോഗം ചേർന്നു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

********************

## ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും 25ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ യു.ഡി.എഫ് പ്രഖ്യാപിച്ച ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി സാങ്കേതിക സമിതി രൂപീകരിച്ചതായി മന്ത്രി കെ.മുരളീധരൻ . ഇൻഷുറൻസ് രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാണ് സമിതി രൂപീകരിച്ചത്. പദ്ധതിയുടെ വിശദമായ റിപ്പോർട്ട് നാല് മാസത്തിനകം സമർപ്പിക്കാനാണ് സർക്കാറിന്റെ നിർദേശം

********************

## ഡോക്യുമെൻററി, ഹ്രസ്വചിത്ര

പതിനെട്ടാമത് കേരള അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി പി. സി. വിഷ്ണുനാഥ് മേള ഉദ്ഘാടനം നിർവഹിച്ചു. കൈരളി, ശ്രീ, നിള തിയറ്ററുകളിലായി ഈ മാസം 30 വരെയാണ് മേള നടക്കുക. ഉദ്ഘാടന ചിത്രമായ 'എ ഫോക്സ് അണ്ടർ എ പിങ്ക് ഉൾപ്പെടെ 23 ചിത്രങ്ങളാണ് മേളയുടെ ആദ്യ ദിനമായ ഇന്ന് പ്രദർശിപ്പിക്കുന്നത്.

********************

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുകയാണ്. കേന്ദ്രസർക്കാരിൻറെ സുപ്രധാന പദ്ധതികളിലൊന്നായ

RNU TVPM

ജൽ ജീവൻ ദൗത്യത്തെക്കുറിച്ചാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകൾ വഴി സുരക്ഷിതമായ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി 2019 ഓഗസ്റ്റ് 15-നാണ് ജൽ ജീവൻ ദൗത്യത്തിന് തുടക്കം കുറിച്ചത്. പദ്ധതി ആരംഭിച്ച സമയത്ത്, 3.23 കോടി ഗ്രാമീണ വീടുകളിൽ മാത്രമുണ്ടായിരുന്ന കുടിവെള്ള കണക്ഷൻ, ഇപ്പോൾ 15.83 കോടിയലധികമായി ഉയർന്നു. പദ്ധതിയുടെ കാലാവധി കേന്ദ്രസർക്കാർ 2028 ഡിസംബർ വരെ നീട്ടിയിട്ടുണ്ട്.

********************

<u>ഏഷ്യൻ ഗെയിംസിൽ ഇന്ത്യ,</u>

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യ ഇന്ന് ഒരു സ്വർണവും രണ്ട് വെള്ളിയും മൂന്ന് വെങ്കലവും അടക്കം ആറ് മെഡലുകൾ കരസ്ഥമാക്കി . 10 മീറ്റർ മിക്സ്ഡ് എയർ പിസ്റ്റൾ ഫൈനലിൽ സുരുചി സിംഗ് - കമൽജീത് സഖ്യമാണ് ഇന്ത്യക്ക് രണ്ടാം സ്വർണ്ണം നേടിക്കൊടുത്തത്. പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ ടീം ഇനത്തിൽ ഐശ്വര്യ പ്രതാപ് സിംഗ് തോമർ, രുദ്രാൻക്ഷ് പാട്ടീൽ, നീരജ് കുമാർ സഖ്യം വെള്ളി മെഡൽ നേടി. അത്ലറ്റിക്സിൽ പുരുഷന്മാരുടെ പതിനായിരം മീറ്ററിൽ ഗുൽവീർ സിംഗ് വെള്ളി നേടി . വനിതകളുടെ ഷോട്ട് പുട്ടിൽ മൻപ്രീത് കൗറും, വനിതകളുടെ പോൾ വാൾട്ടിൽ ബരണിക ഇളങ്കോവനും, ടേബിൾ ടെന്നീസ് മിക്സഡ് ഡബിൾസിൽ ദിയ ചിറ്റില ,മനുഷ് ഷാ സഖ്യവും വെങ്കലം സ്വന്തമാക്കി. കബഡിയിൽ ഇന്ത്യൻ പുരുഷ വനിത ടീമുകൾ ഫൈനലിൽ പ്രവേശിച്ചു. ഏഷ്യൻ ഗെയിംസിൽ നിലവിൽ രണ്ട് സ്വർണ്ണവും എട്ട് വെള്ളിയും 13 വെങ്കലവും അടക്കം 23 മെഡലുകൾ നേടി മെഡൽ പട്ടികയിൽ 12 ആം സ്ഥാനത്താണ് ഇന്ത്യ.

RNUTVPM

*******************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശഭരണ വാർഡുകളിലേക്ക് തിങ്കളാഴ്ച ഉപതിരഞ്ഞെടുപ്പ് നടക്കും. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ചൊവ്വാഴ്ചയാണ്

വോട്ടെണ്ണൽ. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വോട്ടെടുപ്പ് ദിവസം പ്രദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട് .

*******************

## നീലക്കുറിഞ്ഞി (ഇൻട്രോ)

ഇടുക്കി ചൊക്രമുടിയിൽ നീലക്കുറിഞ്ഞി വസന്തം കാണാൻ ഇതിനോടകം എത്തിയത് പതിനായിരക്കണക്കിന് സഞ്ചാരികൾ. മൂന്നാറിലെ പ്രധാന മേഖലകളിൽ വ്യാപകമായി കുറിഞ്ഞി പൂത്തത് വിനോദസഞ്ചാര മേഖലയ്ക്ക് വലിയ ഉണർവാണ് നൽകിയിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

(ഹോൾഡ്)

RNU TVPM

*******************

## മഴ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരളതീരത്ത് നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

*******************

## മുട്ടിൽ മരംമുറി

മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച കുറ്റപത്രം ബത്തേരി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി മടക്കിയതിനെ തുടർന്ന് വനംവകുപ്പ് പുതിയ കുറ്റപത്രം സമർപ്പിച്ചു. ഗുരുതരമായ സാങ്കേതിക പിഴവുകൾ ചൂണ്ടിക്കാട്ടിയാണ് കോടതി കുറ്റപത്രം മടക്കിയത്.

*******************

## ചിത്ര കോർ

ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസും , ഇൻവേസീവ് ടെക്നോളോജീസും ചേർന്ന് "ചിത്ര കോർ" എന്ന കൊറോണറി സ്റ്റെന്റ് അവതരിപ്പിച്ചു. കൊബാൾട്ട്-ക്രോമിയം അലോയ് പ്ലാറ്റ്ഫോമിൽ നിർമ്മിച്ച, ചിത്ര കോറിൽ നിലവിൽ വിപണിയിലുള്ള സ്റ്റെന്റുകളെ അപേക്ഷിച്ച് 30 മുതൽ 40 ശതമാനം ലോഹം കുറച്ചു മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്.

*******************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 27-ന്. പരിപാടിയുടെ 138-ാാം പതിപ്പാണിത്.

*******************

## ഓഹരി -സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. സെൻസെക്സ് 315 പോയിന്റ് ഉയർന്ന് 73,895 ലും നിഫ്റ്റി 77 പോയിന്റ് നേട്ടത്തിൽ 23,140 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കൂടി. പവന് 120 രൂപ വർധിച്ച് ഒരു ലക്ഷത്തി 12,080 രൂപയും ഗ്രാമിന് 14,010 രൂപയുമാണ് ഇന്നത്തെ വില.

*******************

RNUTVPM

<u>തെരുവുനായ ആക്രമണം</u>

കണ്ണൂർ പാനൂരിനടുത്ത് കുന്നോത്ത് പറമ്പിൽ ഇന്ന് രാവിലെ തെരുവുനായയുടെ ആക്രമണത്തിൽ 7 പേർക്ക് പരിക്കേറ്റു.

പരിക്കേറ്റവർ തലശ്ശേരി ജനറൽ ആശുപത്രിയിൽ ചികിൽസ തേടി.

*******************

*************

****

RNU TVPM